# ജറുസലേം ദൈവരാജ്യം



2023 നവംബർ 3 വാല്യം 11 ലക്കം 2


# സ്രഷ്ടാവിനെ നഷ്ടപ്പെടുത്താതെ ജീവിക്കുവിൻ





**പട്ടത്തച്ചൻ**

നശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കുവിൻ (യോഹ. 6: 27). നമുക്ക് മുന്നിൽ രണ്ട് സാധ്യതകളേ ഉള്ളൂ. ഒന്ന് സ്വർഗ്ഗത്തിലേയ്ക്കുള്ള ഇടുങ്ങിയ വഴി. രണ്ട് നരകത്തിലേയ്ക്കുള്ള വിശാലമായ വഴി. ഏത് വഴിയിലൂടെ സഞ്ചരിക്കണമെന്നത് നമ്മുടെ തീരുമാനമാണ്. ഒന്നുകിൽ സ്വർഗ്ഗത്തിനൊപ്പം. അല്ലെങ്കിൽ സ്വർഗ്ഗത്തിനെതിരേ. ഒന്നുകിൽ ദൈവത്തിനൊപ്പം, അല്ലെങ്കിൽ ദൈവത്തിനെതിരേ. വേറേ സാധ്യതകൾ ഇല്ല. വിശാലമായ വഴികളും സ്വർഗ്ഗത്തിലേക്കാണെന്ന് നമ്മെ പിശാച് തെറ്റിദ്ധരിപ്പിക്കാൻ സാധ്യതയുണ്ട്. വിശാലവും വിസ്തൃതവുമായ വഴിയിൽ ജനബാഹുല്യം ഉണ്ടായിരിക്കും. വീതികുറഞ്ഞ വഴിയിൽ ആൾകൂട്ടങ്ങൾ കുറവായിരിക്കും.

ജീവിച്ചിരിക്കുമ്പോൾ സ്വർഗ്ഗ-നരകത്തെപ്പറ്റി ചിന്തിച്ച് ജീവിതത്തെ ക്രമപ്പെടുത്തുക. ജീവിച്ചിരിക്കുമ്പോൾ പാപവും പാപമാർഗ്ഗങ്ങളുമാണ് മനുഷ്യൻ തെരഞ്ഞെടുക്കുന്നതെങ്കിൽ മരണശേഷം പാപത്തിന്റെ ഉത്ഭവസ്ഥാനമായ മരണമായിരിക്കും ലഭിക്കുക. ജീവിച്ചിരിക്കുമ്പോൾ പുണ്യവും പുണ്യവഴികളുമാണ് നാം തെരഞ്ഞെടുക്കുന്നതെങ്കിൽ മരണശേഷം അതിന്റെ ഉത്ഭവസ്ഥാനമായ സ്വർഗ്ഗമായിരിക്കും ലഭിക്കുക.

ഈ നവംബർ മാസത്തിൽ പരേതർക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുന്ന ഈ മാസത്തിൽ പാപം കുമ്പസാരമെന്ന കൂദാശവഴി ക്ഷമിച്ചുവെങ്കിലും നാം ഉണ്ടാക്കിയ മുറിവുകൾ, നഷ്ടങ്ങൾ, ബന്ധങ്ങളിലെ തകർച്ചകൾ നാംതന്നെ നമ്മെക്കൊണ്ട് ആവുന്നവിധത്തിൽ പ്രായശ്ചിത്തം ചെയ്ത് പരിഹരിക്കാൻ തയ്യാറാകണം. ഓരോ പാപത്തിനും ഈ ലോകത്തിൽവെച്ചോ മരണാനന്തരമോ ശുദ്ധീകരണം ആവശ്യമാണ്. അതുകൊണ്ടാണ് ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി ഈ മാസത്തിൽ പ്രാർത്ഥിക്കാൻ സഭാമാതാവ് ആഹ്വാനംചെയ്യുന്നത്. പ്രായശ്ചിത്ത പ്രവൃത്തികളിലൂടെയും കാരുണ്യപ്രവർത്തികളിലൂടെയും പ്രാർത്ഥനാജീവിതത്തിലൂടെയും നമ്മിലെ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി പുതിയ മനുഷ്യനെ അതായത്, ക്രിസ്തുവിനെ ധരിക്കാൻ ശ്രമിക്കണം.

''കർത്താവിലും അവിടുത്തെ ശക്തിയുടെ പ്രഭാവത്തിലും കരുത്തുള്ളവരാകുവിൻ. സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്തുനിൽക്കാൻ ദൈവത്തിന്റെ എല്ലാ ആയുധവും ധരിക്കുവിൻ'' (എഫേ. 6: 10). സൃഷ്ടവസ്തുക്കളിൽനിന്ന് പലതും നഷ്ടമായാലും സൃഷ്ടാവിനെ നഷ്ടപ്പെടാതെ ജീവിക്കുക എന്നത് ഈ മാസത്തിലെ പ്രത്യേകമായ നിയോഗവും, പ്രാർത്ഥനയുമായിരിക്കട്ടെ. സഭയെ പടുത്തുയർത്തുവാനും ആത്മാക്കളെ രക്ഷിക്കുവാനും, പുത്തൻ തീരുമാനങ്ങളുമായി നമുക്ക് മുന്നേറാം. ഈശോ നിങ്ങളെയെല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

''ആന്തരിക ശത്രുവിനെ ആന്തരിക നേത്രങ്ങൾക്കൊണ്ട് തിരിച്ചറിഞ്ഞ് അവനെ തുരത്തി ഓടിക്കാനുള്ള ആത്മീയമായ ജ്ഞാനം ശുദ്ധീകരണാത്മാക്കളോട് പ്രാർത്ഥിച്ച് സമ്പാദിക്കാം''.




## പരേതരുടെ പറുദീസ

**പരേതർക്ക് വേണ്ടി ഒരു വർഷം മുഴുവൻ പ്രാർത്ഥിക്കുന്നു.**



നമ്മുടെ കുടുംബങ്ങളിൽനിന്നും മരിച്ചുപോയിട്ടുള്ള പരേതരുടെ ഫോട്ടോ (പാസ്പോർട്ട് സൈസ്) പരേതരുടെ പറുദീസായിൽവെച്ച് ഒരു വർഷം മുഴുവൻ പ്രാർത്ഥിക്കുന്നതായിരിക്കും. എല്ലാ വെള്ളിയാഴ്ചകളിലും ആരാധനയ്ക്ക് ശേഷം നടക്കുന്ന പ്രാർത്ഥനയിൽ പങ്കെടുക്കുവാനും അവസരമുണ്ടായിരിക്കും.


''ഞാൻ ദാവീദ് ഭവനത്തിന്റെയും ജറുസലെം നിവാസികളുടെയും മേൽ കൃപയുടെയും പ്രാർഥനയുടെയും ചൈതന്യം പകരും.'' (സഖറിയാ 12 : 10)



ഉദ്ഘാടനം
**മാർ ആൻഡ്രൂസ് താഴത്ത്**
ആർച്ച്ബിഷപ്പ്, തൃശ്ശൂർ ആതിരൂപത



സമാപന സന്ദേശം
**മാർ പീറ്റർ കൊച്ചുപുരക്കൽ**
ബിഷപ്പ്, പാലക്കാട് രൂപത



റവ. ഫാ. സേവ്യർഖാൻ വട്ടായിൽ PDM



റവ. ഫാ. മാത്യു വയലാമണ്ണിൽ CST



റവ. ഫാ. റോയി പാലാട്ടി CMI



റവ. ഫാ. സെബാസ്റ്റ്യൻ പുവ്വത്തിങ്കൽ



റവ. ഫാ. ഡേവിസ് പട്ടത്ത് CMI



റവ. ഫാ. ദേവസ്യ കാനാട്ട് CMI



റവ. ഫാ. ജോ പാച്ചേരിയിൽ CMI



റവ. ഫാ. സിജോ തയ്യാലക്കൽ CMI

JERUSALEM RETREAT CENTRE THALORE

**29 -ാമത് ജറുസലെം കൺവെൻഷൻ**

**ഡിസംബർ 7 8 9 10** 8.30am to 3.30pm

**വ്യാഴം * വെള്ളി * ശനി * ഞായർ**

വ്യക്തിജീവിതങ്ങൾ, കുടുംബങ്ങൾ, കുഞ്ഞുങ്ങൾ, യുവജനങ്ങൾ, സമൂഹങ്ങൾ, ഇടവകകൾ, സ്ഥാപനങ്ങൾ
ദൈവാത്മാവിൽ നിറയപ്പെടാൻ... മാനസാന്തരഫലങ്ങൾ ഉണ്ടാകാൻ... അഭിഷേകം പ്രാപിക്കാൻ... അയയ്ക്കപ്പെടാൻ...
**ജറുസലെം നാഥൻ ഏവരെയും ക്ഷണിക്കുന്നു.**

Jerusalem Retreat Centre, Thalore, Thrissur - 680 306, Mob: 7025152530, E-mail: mailtojerusalem@gmail.com, www.jerusalemcentre.org ജറുസലെം കൺവെൻഷൻ ശുശ്രൂഷകൾ LIVE STREAMING Jerusalem Retreat Centre - youtube channel



## “നിന്റെ വീട്ടിൽ ക്രമമല്ലാത്ത വർത്തമാനങ്ങളും ക്രിസ്ത്യാനികൾക്ക് ചേരാത്ത വചനങ്ങളും വേണ്ട.”



# യേശുക്രിസ്തു ഇന്നും ജീവിക്കുന്നു.

**യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെയാണ്. (ഹെബ്രാ.13: 8)**

# ജീവിതമൊരു പൂങ്കാവനമായപ്പോൾ



**ബേബി ആന്റണി,** അഞ്ചലിക്കൽ ഹൗസ്, വെള്ളിക്കുളങ്ങര

‘‘ഞാൻ കാഹളനാദത്തോടെ അവിടുത്തെ സ്തുതിക്കും. വീണയും കിന്നരവും മീട്ടി അവിടുത്തെ സ്തുതിക്കും’’ (സങ്കീ. 150: 3). മനുഷ്യന് അസാധ്യമായത് ദൈവത്തിന് സാധ്യമാണെന്ന് ഞാനും എന്റെ കുടുംബവും ഉറച്ച് വിശ്വസിക്കുന്നു.ഞാൻ 2001–ൽ ആണ് ആദ്യമായി ജറുസലെമിൽ വന്നത്. തകർന്ന ഹൃദയവും ഇനി മരണമാണ് പരിഹാരം എന്ന ചിന്തയുമായി ഭാരപ്പെട്ട മനസ്സോടെ, സങ്കടത്തോടെ കുരിശിന്റെ അരികത്തുവന്ന് പ്രാർത്ഥിക്കുമ്പോൾ എനിക്ക് പട്ടത്തച്ചനെ അറിയില്ലായിരുന്നു. ആ സമയത്ത് അവിടേയ്ക്ക് കുടയും കുത്തിപിടിച്ച് ഒരു അച്ചൻ കടന്നുവന്നു. അച്ചനോട് പട്ടത്തച്ചനെ കാണാൻ പറ്റുമോ എന്ന് ഞാൻ ചോദിച്ചപ്പോൾ ഞാനാണ് പട്ടത്തച്ചൻ എന്ന പറഞ്ഞു. ആ സമയം ഞാൻ കണ്ടത് ഈശോയെയായിരുന്നു. ഞാൻ അച്ചന്റെ കാൽക്കൽ വീണ് കരഞ്ഞു. എനിക്ക് ഒന്നും പറയാൻപറ്റിയില്ല. എല്ലാം മനസ്സിലാക്കി അച്ചൻ എന്നോട് പറഞ്ഞു: ‘‘ഈ പൂന്തോട്ടത്തിൽനിന്ന് ഞാനൊരു പൂങ്കാവനം കാണുന്നുണ്ട്. അതിലേക്ക് എന്റെ (പട്ടത്തച്ചന്റെ) കൈപിടിച്ച് ഒരു ചാൺ നടന്നുനീങ്ങുക’’. നടന്നുനീങ്ങുമ്പോൾ വചനം ശ്രദ്ധിക്കുമ്പോൾ, എളിമയിലും, വിശുദ്ധിയിലും ദൈവസ്നേഹത്തിലും ഉള്ള പോരായ്മകൾ നീക്കി അനുതപിച്ചു. 22 വർഷങ്ങൾ കടന്നുപോകുമ്പോൾ എന്റെ മൂന്ന് മക്കളുടെയും പഠനം കഴിഞ്ഞു. അവരുടെ വിവാഹം കഴിഞ്ഞു. ഒരു മകൾ ബാംഗ്ലൂരും, മറ്റൊരു മകൾ യു.കെ. യിലും മൂന്നാമത്തെ മകൾ ജർമ്മനിയിലും കുടുംബമായി ജീവിക്കുന്നു. ഞങ്ങൾക്ക് നല്ലൊരു ഭവനമൊരുക്കിത്തന്നു. എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങൾ ചൊരിഞ്ഞ പരിശുദ്ധ അമ്മയ്ക്കും ജറുസലെം നാഥനും നന്ദി പറയുന്നു. ഇനിയുള്ള എന്റെ ശിഷ്ടജീവിതം കർത്താവിന് മാത്രമുള്ളതാണെന്ന് ഈ പാവനമായ അൾത്താരയിൽനിന്ന് ഞാൻ ഏറ്റുപറയുന്നു. നന്ദി ദൈവമേ, നന്ദി.

**പ്രാർത്ഥനാനിയോഗങ്ങൾ**
**Whatsapp ചെയ്യേണ്ട നമ്പർ**
**9656 133 533**
**ദിവ്യകാരുണ്യ സൗഖ്യാരാധനയിൽ പേരുകൾ സമർപ്പിച്ച് പ്രാർത്ഥിക്കുന്നതായിരിക്കും**

# അത്ഭുതങ്ങളുടെ ലോകം ഇനിയും അവസാനിച്ചിട്ടില്ല

*നിനക്ക് ഒരു തിൻമയും ഭവിക്കുകയില്ല; ഒരനർഥവും നിൻെറ കൂടാരത്തെ സമീപിക്കുകയില്ല. (സങ്കീ 9:10)*



## മാതാവ് നൽകിയ സമ്മാനം



**ജൂലി റപ്പായി,** പെരിഞ്ചേരി ഹൗസ്, തൈക്കാട്ടുശ്ശേരി, തലോർ

എന്റെ മകൾ ഐറിൻ മരിയക്ക് വിവാഹം കഴിഞ്ഞ് മൂന്നുവർഷമായിട്ടും കുഞ്ഞുണ്ടായിരുന്നില്ല. കഴിഞ്ഞ വർഷം 2022–ൽ മാതാവിന്റെ ജനന തിരുനാളിനു ഒരുക്കമായിട്ടുള്ള കോടിയർച്ചനയിൽ പങ്കെടുത്ത് സാധിക്കാവുന്നത്ര നന്മനിറഞ്ഞ മറിയം ചൊല്ലി മാതാവിന് കാഴ്ചവെച്ച്, മാതാവിനോട് സെപ്തംബർ എട്ടിന് കിരീടംവെച്ച് പ്രാർത്ഥിക്കുമ്പോൾ ഒരു ബർത്ത്ഡേ സമ്മാനം ചോദിക്കണമെന്ന്, പട്ടത്തച്ചൻ സന്ദേശമായി പറയാറുണ്ടായിരുന്നു. അത് ഞാൻ മകളോടും പറഞ്ഞു. അന്ന് മുതൽ ഞാനും മകളും ജപമാല ചൊല്ലി പ്രാർത്ഥിക്കാൻ ആരംഭിച്ചു. ഏശയ്യ. 55: 5 വചനം ഏറ്റുപറഞ്ഞ് മകൾ തീക്ഷ്ണമായി പ്രാർത്ഥിച്ചു. സെപ്തംബർ എട്ടിന് കിരീടംവെച്ച് പ്രാർത്ഥിച്ചു. 5000 നന്മനിറഞ്ഞ മറിയം ചൊല്ലി കാഴ്ചവെച്ച് ബർത്ത്ഡേ സമ്മാനം ചോദിച്ചു. സെപ്തംബർ 14–ാം തിയ്യതി മകൾ ഫോൺചെയ്തു. അവൾക്ക് ഉണ്ണിയെ ലഭിച്ചിട്ടുണ്ട്. ആറ് ആഴ്ചയായി എന്ന് പറഞ്ഞു. ഞാൻ പ്രാർത്ഥിച്ചു തുടങ്ങിയപ്പോൾത്തന്നെ മാതാവ് കുഞ്ഞിനെ തന്ന് അനുഗ്രഹിച്ചു. പരി. അമ്മ തന്ന കുഞ്ഞായതുകൊണ്ട് മേഡലിൻ മറിയം എന്ന് ഞങ്ങൾ അവൾക്ക് പേരിട്ടു.

## പരിശുദ്ധ അമ്മയോട് പ്രാർത്ഥിച്ചപ്പോൾ

**ആലീസ് വിൻസെന്റ്,** കടുത്തുരുത്തി ഹൗസ്, വെളുത്തൂർ പി.ഒ., കുന്നത്തങ്ങാടി



ഞങ്ങളുടെ കുടുംബത്തിൽ ഉണ്ടായ സങ്കടകരമായ അവസ്ഥയിൽ പരിശുദ്ധ അമ്മയോട് പ്രാർത്ഥിച്ചപ്പോൾ, അമ്മ ഞങ്ങളെ അനുഗ്രഹിച്ചു. എന്റെ മകന്റെ മൂത്തകുട്ടിക്ക് നാല് വയസ്സായിട്ടും രണ്ടാമതൊരു കുഞ്ഞുണ്ടാവാതെ ആയപ്പോൾ, ഡോക്ടർമാരെ കാണുകയും ഡോക്ടർ ഞങ്ങളോട് ഐ.വി.എഫ്. ചെയ്യേണ്ടി വരുമെന്ന് പറയുകയും ചെയ്തു. സെപ്തംബർ എട്ടിന് കിരീടംവെച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി മകൾ ഗർഭിണിയാവുകയും ജൂൺ ആറിന് നല്ല ആരോഗ്യമുള്ള കുഞ്ഞിനെ തന്ന് അനുഗ്രഹിക്കുകയും ചെയ്തു. കുഞ്ഞിന് ആറ് മാസം പ്രായമായപ്പോൾ മോഷൻ പോകുമ്പോൾ ബ്ലഡ് കാണുകയും സ്കാനിംഗിൽ കുടലുകൾ തമ്മിൽ ചേർന്നിരിക്കുകയാണെന്ന് കണ്ടുപിടിക്കുകയും ചെയ്തു. ഒരു എമർജൻസി സർജറിയിലൂടെ അത് ശരിയായി. അതിനുശേഷം വീണ്ടും ഉണ്ണിക്ക് വയറ്റിൽനിന്ന് പോകുമ്പോൾ ബ്ലഡ് കണ്ടപ്പോൾ ഞങ്ങൾക്ക് ഉത്കണ്ഠയായി. ജറുസലെമിൽ വന്ന് പട്ടത്തച്ചനോട് പ്രാർത്ഥിക്കുകയും അച്ചൻ ഉണ്ണിക്ക് ഒരു കുഴപ്പവും ഉണ്ടാവില്ലെന്ന് പറയുകയും ചെയ്തു. അതിനുശേഷം ഉണ്ണിക്ക് കുഴപ്പമൊന്നും ഉണ്ടായിട്ടില്ല. ഈശോനാഥൻ സൗഖ്യം നൽകിയനുഗ്രഹിച്ചു. യേശുവെ നന്ദി.

## കരുണാമയനായ ഈശോനാഥൻ



**ആൽബി ഷാജു,** പെലങ്ങര ഹൗസ്, പാറപ്പുറം, കുഴൂർ

‘‘എന്നെ സ്നേഹിക്കുകയും എന്റെ കല്പനകൾ പാലിക്കുകയും ചെയ്യുന്നവരോട് ആയിരമായിരം തലമുറകൾവരെ ഞാൻ കരുണ കാണിക്കും’’ (പുറ. 20: 6). ഞങ്ങളുടെ കുടുംബത്തിനോട് കരുണകാണിച്ച നല്ല ദൈവമേ, ഞാൻ നന്ദി പറയുന്നു. എന്റെ വിവാഹം കഴിഞ്ഞിട്ട് നാല് വർഷമായി. വിവാഹം കഴിഞ്ഞ് രണ്ടര വർഷമായിട്ടും കുഞ്ഞുങ്ങളുണ്ടായിരുന്നില്ല. ഭർത്താവ് വിദേശത്തുനിന്നും ജോലി ഉപേക്ഷിച്ച് നാട്ടിൽ വന്നു. കഴിഞ്ഞ നവംബറിൽ വണ്ടി മറിഞ്ഞ് കേടായതിനെ തുടർന്ന് തൃശൂരിലെ ഷോറൂമിൽ വരികയും യാദൃശ്ചികമായി ജറുസലെമിൽ കയറുവാനിടയാകുകയും ചെയ്തു. അപ്പോൾ പട്ടത്തച്ചൻ പറഞ്ഞു: ‘‘ഉച്ചയ്ക്ക് മൂന്നുമണിക്കുള്ള ശുശ്രൂഷ കൂടിയിട്ട് പോയാൽമതി’’ എന്ന്. ഞങ്ങൾ വിശ്വാസപൂർവ്വം കൃപയുടെ ഭവനമെന്ന ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു. സന്ദേശമായി പട്ടത്തച്ചൻ പറഞ്ഞു: ‘‘നിങ്ങൾക്കൊരു കുഞ്ഞിനെ നൽകുന്നു എന്ന് ഈശോ പറയുന്നു’’. ആരാധന കണ്ട് പ്രാർത്ഥിക്കാൻ പറയുകയും ചെയ്തു. രണ്ടാഴ്ചക്കുശേഷം ടെസ്റ്റ് ചെയ്തപ്പോൾ ഞാൻ പ്രഗ്നന്റ് ആണെന്ന് മനസ്സിലായി. ഞങ്ങളുടെ വീട്ടിൽ ക്രിസ്തുമസ്സിന് ഒരു ഉണ്ണി പിറന്നു.

## സൗഖ്യദായകനായ ഈശോ

**ഡോ. ആൻമോൾ റോയ്,** പേറങ്ങാടൻ ഹൗസ്, കനകമല പി.ഒ.



പ്രഭാഷകൻ 22; 19 വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. ‘‘കർത്താവിന്റെ കണ്ണുകൾ സൂര്യനേക്കാൾ പതിനായിരം മടങ്ങ് പ്രകാശമുള്ളതാണ്’’. നമ്മൾ അനുഭവിക്കുന്ന ഏത് പ്രതിസന്ധിയും ഈശോ കാണുന്നു. അവിടുന്ന് നമുക്ക് സൗഖ്യം നൽകിയനുഗ്രഹിച്ചു. ഞാനൊരു ഡോക്ടറാണ്. ഞാൻ ഹൗസ് സർജൻസി ചെയ്യുന്ന അവസരത്തിൽ 2022 ഡിസംബറിൽ എനിക്ക് ഒരു പനി വന്നു. പനി മാറാതെയായപ്പോൾ ഞാൻ വീട്ടിലേക്ക് വരികയും അടുത്തുള്ള ആശുപത്രിയിൽ അഡ്മിറ്റാവുകയും ചെയ്തു. ഏഴ് ദിവസമായിട്ടും പനി മാറാത്തതിനാൽ ഞങ്ങൾ രാജഗിരി ആശുപത്രിയിൽ പോവുകയും അവിടെ ഒമ്പത് ദിവസത്തോളം അഡ്മിറ്റാവുകയും ചെയ്തു. അവിടെവെച്ച് Born Marrow Biopsy എടുത്തിരുന്നു. എന്റെ അമ്മൂമ്മ ജറുസലെമിൽവന്ന് പ്രാർത്ഥിക്കുകയും വെഞ്ചിരിച്ച എണ്ണ എന്റെ നെറ്റിയിൽ പുരട്ടുകയും ചെയ്തു. ഒമ്പത് വെള്ളിയാഴ്ച ഇവിടെ വന്ന് പ്രാർത്ഥിക്കാമെന്നും രോഗസൗഖ്യം നൽകിയാൽ ദൈവത്തെ മഹത്വപ്പെടുത്തി സാക്ഷ്യം പറയാമെന്നും നേർന്നു. പിന്നീട് ബയോപ്സി റിസൾട്ട് നെഗറ്റീവ് ആണെന്നും പനിയുടെ കാരണം ടൈഫോയ്ഡ് ആണെന്ന് മനസ്സിലാവുകയും ചെയ്തു. ഇത്ര വലിയ രോഗസൗഖ്യം നൽകിയതിൽ ജറുസലെം നാഥന് നന്ദി പറയുന്നു.

## ശക്തനായവൻ ചെയ്ത വലിയ കാര്യങ്ങൾ



**ഏലിയാമ്മ കുരിയാക്കോസ്,** വേളുക്കരയിൽ ഹൗസ്, കുണ്ടുകാട്

ആപൽസന്ധികളിൽ, അപകടങ്ങളിൽ എന്നെ ചേർത്തുപിടിച്ച നല്ല ഈശോയെ, ഞാൻ നന്ദി പറയുന്നു (സങ്കീ. 139: 10). ഇപ്രകാരമാണ്: ‘‘അവിടെയും അങ്ങയുടെ കരം എന്നെ നയിക്കും. അങ്ങയുടെ വലത്തുകൈ എന്നെ പിടിച്ചു നടത്തും’’. 2021–ൽ ഞാനും ഭർത്താവും സഞ്ചരിച്ചിരുന്ന കാർ, കാലടിയിൽ വെച്ച് ബസുമായി കൂട്ടിയിടിച്ചു. ഭർത്താവിന്റെ ഷോൾഡറിന്റെ എല്ല് പൊട്ടി. കൈയിൽ ആഴത്തിൽ മുറിവുണ്ടായി. മസിൽ മുറിഞ്ഞു. എന്റെ രണ്ട് വാരിയെല്ലിനും പൊട്ടൽ സംഭവിച്ചു. ഞങ്ങൾ ജറുസലെമിലെ വെള്ളിയാഴ്ച ശുശ്രൂഷകളിൽ പങ്കെടുത്ത് പ്രാർത്ഥിക്കുന്നവരായിരുന്നു. ആക്സിഡന്റ് ഉണ്ടായതിനുശേഷം ആറ് വെള്ളിയാഴ്ച വന്ന് പ്രാർത്ഥിച്ചു. കൈയിലെ വേദനക്ക് സൗഖ്യം ലഭിച്ചാൽ അൾത്താരയിലെ സാക്ഷിയായി മാറാമെന്ന് നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചു. വേദനകൾക്കും അസ്വസ്ഥതകൾക്കും കുറവുണ്ടാവുകയും സൗഖ്യം ലഭിക്കുകയും ചെയ്തു. അപകടത്തിൽനിന്ന് കാത്തുരക്ഷിച്ച് സൗഖ്യം നൽകിയ ജറുസലെം നാഥന് നന്ദിയും സ്തുതിയും ആരാധനയുമേകുന്നു.

## അത്ഭുതസൗഖ്യം



**റിപ്സി ലിജൻ,** പള്ളിപ്പാടൻ ഹൗസ്, മാമല പി.ഒ., കാക്കോട്

രോഗികളെ സൗഖ്യപ്പെടുത്തുകയും മരിച്ചവരെ ഉയിർപ്പിക്കുകയും കുഷ്ഠരോഗികളെ ശുദ്ധരാക്കുകയും പിശാചുക്കളെ ബഹിഷ്കരിക്കുകയും ചെയ്ത ഈശോനാഥൻ (മത്താ. 10; 7–8) എന്റെ ഭർത്താവിനെയും സൗഖ്യപ്പെടുത്തി. എന്റെ ഭർത്താവ് അബുദാബിയിൽ ജോലി ചെയ്യുമ്പോൾ ഒരു ദിവസം പെട്ടെന്ന് കേൾവിശക്തി കുറഞ്ഞുവന്നു. അപ്പോൾത്തന്നെ എന്റെ അപ്പച്ചൻ പട്ടത്തച്ചനെ വന്ന് കാണുകയും അഭിഷിക്തരോട് പ്രാർത്ഥനാസഹായം ആവശ്യപ്പെടുകയും ചെയ്തു. പുരോഹിതരുടെ പ്രാർത്ഥന അഭിഷേകമായി, സൗഖ്യമായി ഭർത്താവിൽ നിറഞ്ഞു. ഏഴു ദിവസംകൊണ്ട് കേൾവിശക്തി പൂർണ്ണമായി തിരിച്ചുകിട്ടി. കർത്താവ് ഞങ്ങളോട് കാണിച്ച വലിയ കാരുണ്യത്തിന് ഞാനും എന്റെ കുടുംബവും ദൈവത്തിന് ആയിരം നന്ദി പറയുന്നു.

## സൗഖ്യദായകനായ ഈശോനാഥൻ



**ഷൈബി ജെയ്സൺ,** എടക്കളത്തൂർ ഹൗസ്, പി.ഒ. അല്ലപ്ര

‘‘വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവ് എന്നെ എഴുന്നേൽപ്പിക്കും’’ (യാക്കോ. 5: 15). വിശ്വാസത്തോടെ പ്രാർത്ഥിച്ചപ്പോൾ ബയോപ്സി റിസൽട്ടിൽ ദൈവം അത്ഭുതം പ്രകടമാക്കി.



# ''മറ്റൊരുത്തന്റെ ദോഷത്തിന്റെ വർത്തമാനം നിന്റെ വീട്ടിൽ പറയപ്പെടുമ്പോൾ ആ ദോഷത്തിനുള്ള ശിക്ഷ നിന്റെ വീടിന്മേൽ വരുന്നു.''

റിസൽട്ട് നോർമൽ ആയിരുന്നു. എന്റെ വയറിന്മേൽ ഒരു മുഴയുണ്ടായിരുന്നു. ഓപ്പറേഷൻ വിജയകരമായി നടക്കാനും അതിന്റെ ബയോപ്സി റിസൾട്ടിൽ യാതൊരു കുഴപ്പമില്ലാതിരിക്കാനും എന്റെ ചേച്ചി ഫോണിൽ വിളിച്ച് ജറുസലെം വചനകൂടാരത്തിൽ പ്രാർത്ഥനാസഹായം അപേക്ഷിച്ചിരുന്നു. അതിന്റെ ഫലമായി ഓപ്പറേഷൻ വിജയകരമായി നടന്നു. അതിന്റെ റിസൾട്ടിലും ഒരു കുഴപ്പവുമില്ലാതെ ദൈവം അനുഗ്രഹിച്ചു.

## ശാന്തമാകുക, ഞാൻ ദൈവമാണെന്നറിയുക.



**ലിസി ജോസ്,** കുറ്റിക്കാടൻ ഹൗസ്, കല്ലൂർ

സങ്കീർത്തന വചനങ്ങൾ 34: 17 ഇപ്രകാരമാണ്: ''നീതിമാന്മാർ സഹായത്തിനു നിലവിളിക്കുമ്പോൾ കർത്താവ് കേൾക്കുന്നു. അവരെ സകലവിധ കഷ്ടതകളിലുംനിന്ന് രക്ഷിക്കുന്നു!'' സകലവിധ ദുരിതങ്ങളിൽ നിന്നും കഷ്ടതകളിൽനിന്നും ഞങ്ങളെ രക്ഷിച്ച ദൈവമേ ഞാൻ നിനക്ക് നന്ദിയേകുന്നു. എന്റെ മകൾ ന്യൂസിലാൻഡിൽ പോകാനിരിക്കെ അവളുടെ രണ്ട് കണ്ണുകളിൽ ചുവപ്പുനിറവും വേദനയും ഉണ്ടായി. പലയിടങ്ങളിലും കാണിച്ചിട്ടും ഒരു പ്രയോജനവുമുണ്ടായില്ല. വളരെയധികം വിഷമത്തോടെ മൂന്ന് വെള്ളിയാഴ്ചകളിൽ ജറുസലെം വചനകൂടാരത്തിൽ വന്ന് പ്രാർത്ഥിച്ചു. സൗഖ്യം നൽകണമേ എന്ന് കരഞ്ഞപേക്ഷിച്ചു. അതിനുശേഷം സ്കാൻ ചെയ്തപ്പോൾ മൂക്കിന്റെ പിന്നിൽ പഴുപ്പ് കണ്ടു. ഡോക്ടർ കാൻസർ ആണെന്ന് പറഞ്ഞു. സർജറി വേണമെന്ന് നിർദ്ദേശിച്ചു. അതിനു മുമ്പ് കാനാട്ടച്ചനെ കണ്ട് പ്രാർത്ഥിച്ച് ദിവ്യകാരുണ്യ സൗഖ്യാരാധനയിൽ പങ്കെടുത്തു. അതിനുശേഷം ഓപ്പറേഷൻ ചെയ്യുകയും മകൾക്ക് സൗഖ്യം ലഭിക്കുകയും ചെയ്തു. സൗഖ്യം നൽകിയനുഗ്രഹിച്ച ദിവ്യകാരുണ്യ ഈശോയ്ക്ക് നന്ദിയേകുന്നു.

## ഉത്തരമരുളുന്ന കർത്താവ്



**ആനി ജോസ്,** മലപ്പാൻ ഹൗസ്, വരാക്കര

ഏശ. 58: 9 ഇപ്രകാരമാണ്: ''നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും, നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ, എന്ന് അവിടുന്ന് മറുപടി തരും''. നിലവിളിയോടെ പ്രാർത്ഥിച്ചപ്പോൾ ഈശോ ഞങ്ങളുടെ കുടുംബത്തിൽ ഇറങ്ങിവന്നു. രോഗസൗഖ്യം ലഭിച്ചു. കടബാധ്യതയിൽ ആശ്വാസമായി. എന്റെ കഴുത്തിൽ രണ്ട് മുഴകൾ പ്രത്യക്ഷപ്പെട്ടപ്പോൾ ഞാൻ വളരെയധികം അസ്വസ്ഥയായി. ജറുസലെം വചനകൂടാരത്തിൽ വന്ന് അഞ്ച് വെള്ളിയാഴ്ചകളിൽ പ്രത്യേക നിയോഗത്തോടെ പ്രാർത്ഥിച്ചതിന്റെ ഫലമായി മുഴകൾ അപ്രത്യക്ഷമായി. എന്റെ സ്ഥലവും വീടും ജപ്തിയായപ്പോൾ ജറുസലെം നാഥനോടും പരിശുദ്ധ അമ്മയോടും കരഞ്ഞ് പ്രാർത്ഥിച്ചു. അത്ഭുതകരമായി ഒരു സഹോദരി എന്നെ സഹായിച്ചു. നല്ലൊരു തുക തന്ന് ആപൽസന്ധിയിൽ കൂട്ടായി. ആ തുക ബാങ്കിൽ അടച്ചു. ബാങ്കുകാർ എനിക്ക് 10 വർഷത്തേയ്ക്ക് ഇളവു തന്നു. എന്റെ കുടുംബം ജപ്തിയിൽനിന്ന് രക്ഷപ്പെട്ടു. രോഗത്തിൽ സൗഖ്യമായും, ആപൽസന്ധികളിൽ കൈത്താങ്ങായും ഞങ്ങളെ സഹായിച്ച ജറുസലെം നാഥന് കോടാനുകോടി നന്ദിയേകുന്നു.

## വിശ്വസിച്ച് പ്രാർത്ഥിച്ചപ്പോൾ



**ഡയാന ഗോഡ്‌വിൻ,** ചക്രമാക്കിൽ ഹൗസ്, പുറനാട്ടുകര പി.ഒ.

''എല്ലാ മുട്ടുകളും എന്റെ മുമ്പിൽ മടങ്ങും. എല്ലാ നാവുകളും ദൈവത്തെ പുകഴ്ത്തുകയും ചെയ്യും'' എന്ന് കർത്താവ് ശപഥപൂർവ്വം അരുളിച്ചെയ്യുന്നു'' (റോമ. 14: 11). ജൂൺ മാസം തിരുഹൃദയ വെള്ളിയാഴ്ചയാണ് ആദ്യമായി ഡേവിസ് പട്ടത്തച്ചന്റെ ധ്യാനം കൂടിത്തുടങ്ങിയത്. എനിക്ക് ആർത്തവം ഇല്ലാതെ ഏഴ് മാസമായി ഞാൻ വിഷമിക്കുകയായിരുന്നു. ഞാൻ മറ്റൊരു അസുഖത്തിന് മരുന്ന് കഴിക്കുന്നുണ്ടായിരുന്നു. അതുമൂലമാണ് ഇങ്ങനെ സംഭവിച്ചത് എന്ന് ഡോക്ടർ പറഞ്ഞിരുന്നു. തുടർന്ന് വന്ന വെള്ളിയാഴ്ചത്തെ ആരാധനയിൽ പട്ടത്തച്ചൻ സന്ദേശമായി വിളിച്ചുപറഞ്ഞു: ആർത്തവം ഇല്ലാത്ത മൂന്നുപേർക്ക് അതിൽനിന്ന് പൂർണ്ണ സൗഖ്യം കൊടുത്ത് അനുഗ്രഹിക്കുന്നു എന്ന്. അതിൽ ഒന്ന് ഞാനാണെന്ന് ഉറച്ച് വിശ്വസിച്ച് പ്രാർത്ഥിച്ചു. അതിന്റെ ഫലമായി ഏഴ് മാസമായി ഇല്ലാതിരുന്ന പീരിഡ്സ് എനിക്ക് ഉണ്ടായി. എന്നെ അനുഗ്രഹിച്ച ജറുസലെം നാഥനും നാഥയ്ക്കും ആയിരമായിരം നന്ദി പറയുന്നു. യേശുവേ നന്ദി.

## അത്യുന്നതന്റെ സംരക്ഷണം

**റോസിലി പൊറിഞ്ചു,** ആലുക്ക ഹൗസ്, തലോർ



''അത്യുന്നതന്റെ സംരക്ഷണത്തിൽ വസിക്കുന്നവനും സർവ്വശക്തന്റെ തണലിൽ കഴിയുന്നവനും കർത്താവിനോട് എന്റെ സങ്കേതവും എന്റെ കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയും'' (സങ്കീ. 91: 1). എന്റെ മകന് ലഭിച്ചത് ദൈവിക സംരക്ഷണമായിരുന്നു. എന്റെ മകനുണ്ടായ റോഡ് ആക്സിഡന്റിൽ അവന്റെ മൂക്കിന്റെ എല്ലുപൊട്ടി. ചുണ്ടിനും അപകടം പറ്റി. ദയ ആശുപത്രിയിൽ ഐ.സി.യു.വിൽ ആയിരുന്നു. ഈ സമയത്ത് ഞാൻ ജറുസലെം വചനകൂടാരത്തിൽ വന്ന് പ്രാർത്ഥനാസഹായം അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. കാനാട്ടച്ചന്റെ ദിവ്യകാരുണ്യ ആരാധനയിൽ പ്രാർത്ഥനാസഹായം ആവശ്യപ്പെട്ടു. ഞാൻ എല്ലാ വെള്ളിയാഴ്ചകളിലും ഇവിടെവന്ന് നിയോഗംവെച്ച് പ്രാർത്ഥിച്ചു. അത്ഭുതകരമായി മകന് ഈശോ സൗഖ്യം നൽകി. വലിയ അപകടത്തിൽനിന്നും ഞങ്ങളെ രക്ഷിച്ച അത്യുന്നതനായ ദൈവമേ നിനക്ക് നന്ദി.

## ഈശോ നമ്മെ സ്നേഹിക്കുന്നു.



**ജെസ്സി,** കല്പറമ്പത്ത് ഹൗസ്, വടമ

നാം പാപത്തിൽ വീഴുമ്പോൾ സ്വയം ന്യായീകരിക്കാതെ പാപം ഏറ്റുപറഞ്ഞ് പശ്ചാത്തപിച്ച് തിരിച്ചുവരുമ്പോൾ കർത്താവ് നമ്മെ കൂടുതൽ സ്നേഹിക്കുന്നു. സങ്കീ. 32: 5 ഇപ്രകാരമാണ്: ''എന്റെ പാപം അവിടുത്തോട് ഞാൻ ഏറ്റുപറഞ്ഞു. എന്റെ അകൃത്യം ഞാൻ മറച്ചുവെച്ചില്ല''. എന്റെ പാപം അവിടുന്ന് ക്ഷമിച്ചു. എനിക്ക് മാനസാന്തരം ലഭിച്ചു. എന്റെ ഭർത്താവ് പ്രാർത്ഥനയിൽ തീരെ താല്പര്യമില്ലാത്ത വ്യക്തിയായിരുന്നു. 15 വർഷമായി കുമ്പസാരിച്ച് വി. കുർബ്ബാന സ്വീകരിച്ചിട്ട്. അദ്ദേഹത്തിന്റെ മാനസാന്തരത്തിനു വേണ്ടി 2023 മെയ് 11 മുതൽ 14 വരെയുള്ള ധ്യാനത്തിൽ പങ്കെടുത്തു. എന്റെ മകളുടെ കുട്ടിയുമൊത്തുള്ള ധ്യാനത്തിൽ നിയോഗംവെച്ച് പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. പ്രാർത്ഥനയുടെ ഫലമായി ജൂൺ 16-ന് അദ്ദേഹം ഇവിടെ വന്ന് കുമ്പസാരിച്ച് കുർബ്ബാന സ്വീകരിക്കുകയും ചെയ്തു. ഈശോയ്ക്ക് ഒരായിരം നന്ദി. എന്റെ ഭർത്താവിനെ മാനസാന്തരപ്പെടുത്തി പുതിയ മനുഷ്യനാക്കിയതിൽ ഈശോയ്ക്കും അമ്മ മാതാവിനും നന്ദിയേകുന്നു.

## കർത്താവിന്റെ വാഗ്ദാനം



**ഷിമ്മി അഗസ്റ്റിൻ,** കുപ്പക്കാട്ടിൽ ഹൗസ്, കൊച്ചി, പാണ്ടിക്കുട്ടി

ആമോസ് പ്രവാചകന്റെ പുസ്തകം 9: 15-ാം തിരുവചനം ഇപ്രകാരമാണ്. 'അവർക്ക് നൽകിയ ദേശത്ത് ഞാൻ അവരെ നട്ടുവളർത്തും. ആരും അവരെ പിഴുതെറിയുകയില്ല. ദൈവമായ കർത്താവാണ് അരുളിച്ചെയ്യുന്നത്''. എന്റെ മകന്റെ വിസാ തടസ്സം മാറുന്നതിനും ജോലി ലഭിക്കുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിച്ചിരുന്നു. അവൻ യു.കെ. യിലേക്ക് പോകാൻ തയ്യാറെടുപ്പുകൾ നടത്തിയിരുന്നു. ധാരാളം തടസ്സങ്ങൾ ഉണ്ടായിരുന്നു. തടസ്സങ്ങൾ മാറുന്നതിനായി ഒമ്പത് വെള്ളിയാഴ്ചകളിൽ ജറുസലെമിൽ വന്ന് പ്രത്യേക നിയോഗത്തോടെ പ്രാർത്ഥിക്കാമെന്ന് തീരുമാനിച്ചു. എട്ടാമത്തെ വെള്ളിയാഴ്ച അവന്റെ ജോലി തടസ്സം മാറി ജോലികിട്ടി. എനിക്ക് ഓർമ്മവെച്ച കാലം മുതൽ രണ്ട് കാതിലും പഴുപ്പുണ്ടായിരുന്നു. ജറുസലെം നാഥന്റെ അനുഗ്രഹമായി രണ്ട് കാതുകൾക്കും സൗഖ്യം ലഭിച്ചു. നന്ദിയും സ്തുതിയും ആരാധനയുമേകുന്നു.

## പ്രാർത്ഥന കേട്ട ദൈവം



**ടെസ്സി പോൾ,** മുട്ടത്ത് ഹൗസ്, അമ്മാടം

''അവിടുന്ന് അവന്റെ പ്രാർത്ഥന ശ്രവിച്ചു'' (1 സാമു. 7: 9). പ്രാർത്ഥന കേട്ടനുഗ്രഹിച്ച നല്ല ദൈവമേ, നിനക്ക് നന്ദിയേകുന്നു. പ്രതിസന്ധികളിൽ മനം തകർന്നപ്പോൾ പ്രാർത്ഥന മാത്രമായിരുന്നു ആശ്വാസം. ദൈവത്തിൽ മാത്രം ശരണപ്പെട്ട് മുന്നോട്ട് നീങ്ങിയപ്പോൾ ദൈവം അത്ഭുതകരമായി വഴിനടത്തി. പത്ത് വർഷമായി നടക്കാതിരുന്ന എന്റെ വീടിന്റെയും സ്ഥലത്തിന്റെയും വില്പന തടസ്സമില്ലാതെ നടന്നു. 10 വർഷമായിട്ടും എന്റെ വീടിന്റെ കച്ചവടവും മകന്റെ കല്യാണവും പലവിധ തടസ്സങ്ങൾ മൂലം മുടങ്ങിയിരിക്കുകയായിരുന്നു. പലവിധ കാരണങ്ങൾമൂലം തടസ്സങ്ങൾ നേരിട്ടപ്പോൾ ഞാൻ പ്രത്യേക നിയോഗത്തോടെ ആറ് വെള്ളിയാഴ്ച ഉപവാസമെടുത്ത് ജറുസലെമിൽവന്ന് പ്രാർത്ഥിക്കുകയും 14 കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിക്കുകയും 33 വിശ്വാസപ്രമാണവും ചൊല്ലി ആറ് ആഴ്ച പ്രാർത്ഥിച്ചു. അത്ഭുതകരമായി മകന്റെ മുടങ്ങിപ്പോയ കല്യാണവും സ്ഥലകച്ചവട തടസ്സവും മാറുകയും ചെയ്തു. ഞങ്ങൾക്ക് എട്ട് സെന്റ് സ്ഥലം വാങ്ങുവാനും പുതിയ ഭവനം നിർമ്മിക്കാനും അവിടെ വെച്ച് മകന്റെ വിവാഹം നടത്താനും നല്ലവനായ ദൈവം കൃപയേകി. അനന്തമായ ദൈവകൃപയ്ക്ക് നന്ദിയേകുന്നു. എനിക്ക് വന്ന അസുഖത്തിൽനിന്നും പൂർണ്ണ സൗഖ്യം നൽകി ജറുസലെം നാഥൻ അനുഗ്രഹിച്ചു.

## ഉന്നത വിജയം നൽകി അനുഗ്രഹിച്ചു.



**അൽഫോൻസ ഡേവിസ്,** മംഗലത്ത് ഹൗസ്, മനകൊടി പി.ഒ., അരിമ്പൂർ

ഉന്നതമായ ബുദ്ധിശക്തിയേക്കാൾ ഉപരി ഹൃദയംകൊണ്ട് പിതാവിനെ അന്വേഷിച്ചാൽ തന്റെ കൃപാസ്രോതസ്സുകൾ അന്വേഷിക്കുന്നവന് മുന്നിൽ സ്വർഗ്ഗസ്ഥനായ ദൈവം ഉറപ്പായും അത് എത്തിച്ചുനൽകും. അത് കൃപയായി മാറും. ഉന്നത വിജയമായി തീരും. എന്റെ മകന് കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ എട്ട് എ. പ്ലസ് കിട്ടിയാൽ ജറുസലെം നാഥന്റെ അൾത്താരയിൽ സാക്ഷ്യംപറയാം എന്ന് പറഞ്ഞിരുന്നു. അവന് ഒമ്പത് എ പ്ലസ്സും ഒരു എ യും കിട്ടി. ഉന്നത വിജയം നൽകിയനുഗ്രഹിച്ച ഈശോനാഥന് നന്ദിയേകുന്നു. യേശുവേ സ്തോത്രം, യേശുവേ നന്ദി.


## പേരുചൊല്ലി വിളിച്ച ഈശോനാഥൻ

**ആനി,** പാറയ്ക്കൽ ഹൗസ്, പള്ളിക്കുന്ന്



ഏശയ്യ 43: 1 ഇപ്രകാരമാണ്: ''ഭയപ്പെടേണ്ട, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു. പേരുചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്''. ഞങ്ങളുടെ മകളെ പേരുചൊല്ലി വിളിച്ച് ദൈവമനുഗ്രഹിച്ചു. മിന്ന എന്ന ഞങ്ങളുടെ മകൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനായി കുവൈറ്റിൽനിന്ന് ജറുസലെം വചനകൂടാരത്തിലേക്ക് ഞങ്ങൾ വിളിച്ചുപറഞ്ഞിരുന്നു. മകൾക്ക് പത്താംക്ലാസിൽ 94 ശതമാനവും പ്ലസ് ടു വിന് 90 ശതമാനവും മാർക്കുകിട്ടി. അതിനായി ഈശോയോട് നന്ദി പറയുന്നു. ഇപ്പോൾ മകൾ ബയോമെഡിക്കൽ സയൻസിന് പഠിക്കുന്നു.

## നന്ദി നന്ദി യേശുവേ



**സീന ജോസ്,** ചേലാംതുരുത്തി, പെരിഞ്ഞനം പി.ഒ., കൊറ്റംകുളം, തൃശൂർ

ഞങ്ങൾ ഖത്തറിലാണ് കുടുംബസമേതം താമസിച്ചിരുന്നത്. എല്ലാ വെള്ളിയാഴ്ചകളിലും ജറുസലെം ശുശ്രൂഷകൾ ഓൺലൈനായി ഞങ്ങൾ സംബന്ധിക്കാറുണ്ട്. എനിക്ക് ഭർത്താവിന്റെ സ്കൂളിൽ ടീച്ചറായി നാട്ടിൽ അവധിക്കായി വന്നപ്പോൾ Appointment ഓർഡർ വന്നു. അപ്പോൾ ഞങ്ങൾ സാക്ഷ്യം പറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തിയിരുന്നു. പിന്നീട് ഞാൻ തിരിച്ചുചെന്നപ്പോൾ എനിക്ക് ജോലി നഷ്ടമായി. ഞങ്ങൾ എല്ലാവരും ജോലി തടസ്സം മാറുന്നതിനും വീടുപണി പൂർത്തിയാകുന്നതിനുമായി ''യേശുവേ ഞങ്ങളുടെ ഹൃദയത്തിലും ജീവിതത്തിലും വന്നു നിറയണമേ'' എന്ന് 33 പ്രാവശ്യം ചൊല്ലി പ്രാർത്ഥിച്ചതിന്റെ ഫലമായി ഒരു വർഷത്തിനകം ടീച്ചറായി ജോലി ലഭിക്കുകയും ഒന്നര വർഷത്തിനകം വീടുപണി പൂർത്തിയാക്കാൻ ദൈവകൃപ ലഭിക്കുകയും ചെയ്തു. ഇത്രയും വലിയ അനുഗ്രഹം നൽകിയ യേശുവിനും മാതാവിനും ഒരായിരം നന്ദി. എന്തെന്നാൽ ''ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും അവിടുന്ന് അറിയുന്നു. എന്റെ വിചാരങ്ങൾ അവിടുന്ന് അകലെനിന്ന് മനസ്സിലാക്കുന്നു. എന്റെ നടപ്പും കിടപ്പും അങ്ങ് പരിശോധിച്ചറിയുന്നു. എന്റെ മാർഗ്ഗങ്ങൾ അങ്ങേയ്ക്ക് നന്നായറിയാം'' (സങ്കീ. 139: 2-3). അവിടുത്തേയ്ക്ക് ഒന്നും അജ്ഞാതമല്ല. ഞങ്ങളുടെ വിഷമതകളിൽ കൂടെനിന്ന് ഞങ്ങളെയനുഗ്രഹിച്ച ഈശോനാഥന് നന്ദിയേകുന്നു. മാലാഖമാർക്കും ഒരായിരം നന്ദി പറയുന്നു.





# ജീവന്റെ വെളിച്ചം

സിനി ജോൺസൻ

ജനനവും മരണവും ദൈവത്തിന്റെ ദാനമാണ്. ഓരോ ജനനവും ദൈവത്തിന്റെ ദാനമാണ്. ഓരോ മരണവും പുതിയ ജീവിതത്തിന്റെ ആരംഭവുമാണ്. ജീവന്റെ വെളിച്ചം നിറയുന്ന ഇടങ്ങളാണ് കുടുംബങ്ങൾ. ക്രിസ്തീയ വിശ്വാസമനുസരിച്ച് പരിപാവനമായ കൂദാശയാണ് വിവാഹം. വിവാഹത്തെ തുടർന്നാണ് കൂടുമ്പോൾ ഇമ്പമുള്ള കുടുംബങ്ങൾ ഉണ്ടാകുന്നത്. സ്ത്രീയും, പുരുഷനും തമ്മിൽ യേശുക്രിസ്തുവിന്റെ നാമത്തിൽ പരസ്പരം ബന്ധിതരാകുന്ന വിശുദ്ധമായ കൂദാശയാണ് വിവാഹം. ആർഷഭാരത പാരമ്പര്യവും ഇതര മതങ്ങൾക്കും മതപരമായ സ്ഥാനവും ചടങ്ങുകളും വിവാഹത്തിനുണ്ട്. ഇതിന് വിരുദ്ധമായി സ്വവർഗ്ഗവിവാഹം നിയമാനുസൃതം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട 20 ഹർജികളിലാണ് സുപ്രീംകോടതി ഭരണഘടനാബഞ്ച് പറഞ്ഞ വിധി ശ്രദ്ധേയമാകുന്നത്. സ്വവർഗ്ഗാനുരാഗികൾക്ക് സ്പെഷൽ മാര്യേജ് ആക്ട് പ്രകാരം വിവാഹതരാകാൻ കഴിയില്ലെന്ന് സുപ്രീം കോടതി പ്രഖ്യാപിച്ചു. പുരുഷനും സ്ത്രീയും എന്നത് വ്യക്തി എന്നും 'ഭർത്താവും ഭാര്യയും' എന്നത് 'ദമ്പതിമാർ' എന്നുമാക്കണമെന്ന സ്വവർഗ്ഗാനുരാഗികളുടെ മോഹം വിലപോയില്ല. സകല ജീവജാലങ്ങളിലും പക്ഷിമൃഗാദികളിലും സ്ത്രീയും പുരുഷനും ഒന്നുചേർന്നുള്ള ജീവിതമാണുള്ളത്. കഴിഞ്ഞയാഴ്ച സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അദ്ധ്യക്ഷനായ ഭരണഘടനാ ബഞ്ച് ഏകകണ്ഠമായി പ്രഖ്യാപിച്ച ഈ ചരിത്ര വിധി മനുഷ്യാവകാശത്തെയും കുടുംബത്തെയും ഒരുപോലെ അഭിസംബോധന ചെയ്യുന്ന വിധിന്യായമാണ്.

വിവാഹം എന്നത് എതിർലിംഗക്കാർ തമ്മിലുള്ള ഒന്നിക്കലാണ്. സ്വവർഗ്ഗ വിവാഹം തടയപ്പെടേണ്ടതു തന്നെയെന്നു വാദിച്ച കേന്ദ്രസർക്കാർ ഇവർ ദത്തെടുക്കുന്ന കുഞ്ഞുങ്ങളുടെ അച്ഛനും അമ്മയും ആരായിരിക്കുമെന്നും കോടതിയിൽ ചോദിച്ചതിലൂടെ കുടുംബബന്ധങ്ങളുടെ പ്രാധാന്യം വീണ്ടും വീണ്ടും വ്യക്തമാക്കുകയാണ്. ലോകത്തിൽ 34 രാജ്യങ്ങളാണ് സ്വവർഗ്ഗ വിവാഹം നിയമപരമാക്കിയിട്ടുള്ളത്. പരിഷ്കൃത സമൂഹത്തിൽ അതിവേഗം പടരുന്ന ഈ ജീവിതക്രമം കുടുംബവ്യവസ്ഥിതിയുടെ താളംതെറ്റിക്കും. കുഞ്ഞുങ്ങൾ ഉണ്ടാകാതെയാകും. ഭൂമി ഊഷരമാകും. പ്രപഞ്ചത്തിന്റെ താളം തെറ്റും. സ്വവർഗ്ഗപ്രേമികളായി സ്വയം തിരിച്ചറിയുന്നവരുടെ മനുഷ്യാന്തസ്സിനെ മാനിക്കാനും പരിഗണിക്കാനും നമുക്ക് ബാധ്യതയുണ്ടെന്നും അതേസമയം വിവാഹമെന്ന കൂദാശയെ സംബന്ധിച്ച സഭയുടെ പ്രബോധനം അചഞ്ചലമാണെന്നും ഫ്രാൻസീസ് പാപ്പ വ്യക്തമാക്കുന്നു. സ്വവർഗ്ഗാനുരാഗികളോട് ആദരവും അനുകമ്പയും പ്രദർശിപ്പിക്കുകയും അവർക്കെതിരേ വിവേചനമില്ലാത്ത സ്വഭാവ സംസ്ക്കാരം നാം രൂപീകരിക്കുകയും ചെയ്യുമ്പോഴും കുടുംബമെന്ന പവിത്രതയിലേക്ക് നാം ഇതിനെ ഉയർത്താൻ പാടില്ല എന്ന ക്രൈസ്തവ സഭയുടെ പ്രബോധനം തിരിച്ചറിയണം. സ്വവർഗ്ഗ വിവാഹം ക്രൈസ്തവസഭ അംഗീകരിക്കുന്നില്ലെന്നുള്ള തിരിച്ചറിവ് നമുക്കോരോരുത്തർക്കും ഉണ്ടാകണം.

വിദേശ രാജ്യങ്ങളിൽ സാധാരണമായിരിക്കൊണ്ടിരിക്കുന്ന ഈ പ്രതിഭാസത്തിന് നമ്മുടെ നാട്ടിലും പ്രചാരം സിദ്ധിക്കുന്നത് വരാനിരിക്കുന്ന വിപത്തിന്റെ സൂചനയാണ്. എന്തെല്ലാം കോട്ടങ്ങളുണ്ടായാലും കുടുംബം സമൂഹത്തിന്റെ അടിസ്ഥാന ഘടകമാണ്. അവകാശ സംരക്ഷണത്തിന്റെ മറപിടിച്ച് ഇത്തരം വിവാഹങ്ങൾക്ക് നിയമാസാധുത നൽകുന്നതും, അതിനുവേണ്ടി പക്ഷംചേരുന്നതുംഭാവിയിൽമനുഷ്യവംശത്തിന്റെനിലനില്പിനുതന്നെ ഭീഷണിയാകുന്ന കാലം അതിവിദൂരമല്ല. ആപൽസന്ധികളും, കെണികളും തിരിച്ചറിഞ്ഞ് അതിനെതിരേ ഉണർന്നു പ്രവർത്തിക്കണം. അതിനാൽ നമുക്ക് മനുഷ്യകരങ്ങളല്ല, കർതൃകരങ്ങളിൽ നമ്മെത്തന്നെ അർപ്പിക്കാം. എന്തെന്നാൽ അവിടുത്തെ പ്രഭാവംപോലെത്തന്നെയാണ് അവിടുത്തെ കാരണ്യവും'' (പ്രഭാ. 2: 18).

## സഹായം കർത്താവിൽ നിന്ന്



**ജാസ്മിൻ,** വരിക്കശേരി ഹൗസ്, ഒല്ലൂർ

സങ്കീ. 34: 17 ഇപ്രകാരമാണ്: 'നീതിമാന്മാർ സഹായത്തിനു നിലവിളിക്കുമ്പോൾ കർത്താവ് കേൾക്കുന്നു. അവരെ സകലവിധ കഷ്ടതകളിലുംനിന്ന് രക്ഷിക്കുന്നു''. ഞാൻ നിലവിളിച്ചു. കർത്താവ് കേട്ടു ഞങ്ങളെ സഹായിച്ചു''. എന്റെ ചേച്ചി വിദേശത്ത് നഴ്സാണ്. ഭർത്താവിനെ വിദേശത്തേയ്ക്ക് കൊണ്ടുപോയെങ്കിലും നാലുമാസമായിട്ടും ജോലിയൊന്നും ശരിയാകാതെ വളരെയധികം ബുദ്ധിമുട്ടി. ഷെയറിങ്ങിലായിരുന്നു അവിടെ അവർ താമസിച്ചിരുന്നത്. ആ വീട്ടിലെ ആൾ മദ്യപാനിയായിരുന്നു. അയാൾ ചേട്ടനെ കുടിക്കാൻ പ്രേരിപ്പിക്കുകയും ചേട്ടൻ ആ കൂട്ടുകെട്ടിൽ വീഴുകയും ചെയ്തു. അത് ചോദ്യംചെയ്ത ചേച്ചിയെ അസഭ്യംപറഞ്ഞ് ശകാരിച്ചു. ഈ ബുദ്ധിമുട്ടുകൾക്കിടയിൽ ചേച്ചിയുടെ പഴ്സ് നഷ്ടമായി. അതിൽ പ്രധാനപ്പെട്ട രേഖകളും പൈസയും ഉണ്ടായിരുന്നു. ഞങ്ങൾ പട്ടത്തച്ചനെ വിളിച്ച് ഈ വിഷമസന്ധിയിൽ പ്രാർത്ഥനാസഹായം അപേക്ഷിച്ചു. ജറുസലെമിൽ വന്ന് മാസാദ്യവെള്ളിയാഴ്ച വി. കുർബ്ബാനയിലും ആരാധനയിലും പങ്കെടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി കളഞ്ഞുപോയ പഴ്സ് തിരിച്ചുകിട്ടുകയും ചേട്ടന് നല്ലൊരു ജോലി കിട്ടുകയും നല്ലൊരു വീട്ടിലേക്ക് താമസം മാറാനും സാധിച്ചു.ആപത്സന്ധിയിൽ അകപ്പെട്ട സമയത്ത് വലിയ ദൈവാനുഗ്രഹം നൽകി എന്റെ ചേച്ചിയേയും കുടുംബത്തെയും കാത്തുരക്ഷിച്ച ദൈവകൃപയെ ഓർത്ത് ഞങ്ങൾ ആരാധനയും നന്ദിയുമേകുന്നു.

## അനുഗ്രഹത്തിന്റെ നിറവിൽ



**മെറിൻ ജോസഫ്,** വെള്ളാനിക്കാരൻ ഹൗസ്, ചെട്ടിപറമ്പ്, ഇരിങ്ങാലക്കുട

സുഭാ: 2:2 ഇപ്രകാരമാണ്: ''നീ ജ്ഞാനത്തിനു ചെവികൊടുക്കുകയും അവന്റെനേരെ നിന്റെ ഹൃദയം ചായിക്കുകയും ചെയ്യുക''. ഞാൻ ജറുസലെം ബൈബിൾഗ്രാമം പൂർവ്വവിദ്യാർത്ഥിനിയാണ്. എനിക്ക് ലഭിച്ച ഒരു അനുഗ്രഹത്തിന് സാക്ഷ്യം പറയാനാണ് ഞാൻ അൾത്താരയിൽ ആയിരിക്കുന്നത്. ഞാൻ ക്രൈസ്റ്റ് കോളേജിൽ പി.ജി. ക്ക് പഠിക്കുന്നു. എനിക്ക് നാല് സെമസ്റ്റർ പരീക്ഷകളാണ് ഉള്ളത്. പരീക്ഷകൾക്ക് മുമ്പ് അഭിഷിക്തരെ കണ്ട് പ്രാർത്ഥനയും അനുഗ്രഹവും വാങ്ങാറുണ്ട്. പട്ടത്തച്ചൻ എനിക്ക് പരീക്ഷകൾക്കു മുമ്പ് കഴിക്കുവാനായി മിഠായികൾ ആശീർവ്വദിച്ച് തന്നിരുന്നു. ഞാൻ പരീക്ഷകൾക്ക് പോകുമ്പോൾ ഈ മധുരം കഴിച്ചാണ് പോയിരുന്നത്. അതിന്റെ ഫലമായി ഉന്നത മാർക്കോടുകൂടിയ റിസൾട്ടാണ് ലഭിച്ചത്. എനിക്ക് നാല് സെമസ്റ്ററുകളിലും Outstanding O Grade ലഭിച്ചു. ഇത്രയും വലിയ അനുഗ്രഹം തന്നെ ജറുസലെം നാഥനും നാഥയ്ക്കും ആയിരം കോടി നന്ദി സ്തുതി. യേശുവേ സ്തോത്രം! യേശുവേ നന്ദി !

## വിജയം നൽകുന്ന കർത്താവ്



**മരിയ ഡേവിസ്,** വാഴപ്പിള്ളി ഹൗസ്, എലിഞ്ഞിപ്ര

ഞാൻ ഒരു BSc. Nurse ആണ്. ഞാൻ കുറെനാളായി വിദേശത്തുപോകാൻ തയ്യാറെടുത്തിരിക്കുകയാണ്. പ്രത്യേക നിയോഗത്തോടെ ജറുസലെമിൽവന്ന് ഒമ്പത് വെള്ളിയാഴ്ചകളിൽ പ്രാർത്ഥിച്ചു. അതിന്റെ ഫലമായി ആദ്യത്തെ ശ്രമത്തിൽത്തന്നെ എനിക്ക് ദുബായിലേക്കുള്ള പരീക്ഷ പാസാകാൻ സാധിച്ചു. ഈ പരീക്ഷ പാസാകുകയാണെങ്കിൽ ജറുസലെമിലെ അൾത്താരയിലെ സാക്ഷിയായി തീരാമെന്ന് ഈശോയോട് ഞാൻ വാഗ്ദാനം ചെയ്തിരുന്നു. പ്രാർത്ഥന കേട്ടനുഗ്രഹിച്ച ദൈവമെ നന്ദി.

## ദൈവകൃപയും കൃപയുടെ ഭവനവും



പട്ടത്തച്ചൻ CMI
https://www.youtube.com/jerusalemretreatcentrelive/live

## സഹനപ്പൂക്കൾ



പട്ടത്തച്ചൻ CMI
https://www.youtube.com/jerusalemretreatcentrelive/live

ശനിയാഴ്ചകളിൽ രാത്രി 6.30 മുതൽ 9.30 വരെ വിദ്യാർത്ഥികൾക്കും യുവതീയുവാക്കൾക്കും

## ഈശോയുടെ കൂടെ

TO BE WITH JESUS [FOR YOUTH]

ഫാ. സിജോ തയ്യാലക്കൽ CMI





## ദിവ്യകാരുണ്യ സൗഖ്യ ആരാധന

എല്ലാ ദിവസവും 06.30 pm - 08.30 pm

### ജറുസലെം ശുശ്രൂഷകൾ നവംബർ 2023

| | | |
|---|---|---|
| 1-6 | സിസ്റ്റേഴ്സിനുള്ള ധ്യാനം | |
| 4 | രോഗശാന്തി ശുശ്രൂഷ, ഗർഭിണികളുടെ പ്രാർത്ഥന, അമ്മയും കുഞ്ഞും ശുശ്രൂഷ | (09.00 am - 01.00 pm) |
| 9 - 12 | പരിശുദ്ധാത്മാഭിഷേക ധ്യാനം (മലയാളം) | (08.30 am) |
| 16 - 19 | ആത്മാഭിഷേക ധ്യാനം (തമിഴ്) | (08.30 am) |
| 19 | കുഞ്ഞുങ്ങളില്ലാത്ത ദമ്പതികളുടെ പ്രാർത്ഥന | (09.30 am - 01.00 pm) |
| 27 - 28 | ഉപവാസധ്യാനം | (08.30 am) |
| | തൊഴിലാളികളുടെ പ്രാർത്ഥന (വ്യാഴാഴ്ചകളിൽ) | (06.30 pm - 08.00 pm) |
| | To be with Jesus | |
| | യുവജനങ്ങളുടെ പ്രാർത്ഥന (ശനിയാഴ്ചകളിൽ) | (06.30 pm - 09.30 pm) |
| | ജപമാല പ്രദക്ഷിണം (ഞായറാഴ്ചകളിൽ) | (05.15 pm - 06.15 pm) |
| | കുമ്പസാരവും സ്പിരിച്വൽ കൗൺസിലിങ്ങും | (09.00 am - 12.00 pm) |
| | ദിവ്യകാരുണ്യ സൗഖ്യാരാധന (എല്ലാ ദിവസവും) | (06.30 pm - 08.30 pm) |

Retreat Booking No: 7025 152 530

Jerusalem Retreat Centre You Tube Channelൽ
https://www.youtube.com/c/JerusalemRetreatCentre

### PRAYER LINE



Access code
3321285#
Call in
8929 700 137

എല്ലാ ദിവസവും രാത്രി 9.30 ന്
ബഹു. ഡേവീസ് പട്ടത്തച്ചൻ
നേതൃത്വം നൽകുന്നു

എല്ലാ വെള്ളിയാഴ്ചയും
പൊതു പ്രാർത്ഥനാ ദിനമായിരിക്കും
(8.30 a.m. - 3.30 p.m.)

### ജറുസലെം ശുശ്രൂഷകളെ സഹായിക്കാൻ ആഗ്രഹിക്കുന്നവർ



JERUSALEM RETREAT CENTRE
A/c. No. 0309 0381 9770 195 001
CSB Bank LTD, Thalore Branch
IFSC : CSBK 0000309
Swift code: CSYBIN 55
UPI id: jerusalemre.20077@csbpay

അക്കൗണ്ടിലൂടെ പണം അയക്കുന്നവർ
ഈ നമ്പറിലേക്ക് [+91 8304 069 046 ]
അഡ്രസ്സ് വാട്സ്ആപ്പ് ചെയ്യണേ